പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4041 — 20-03-2018 ൽ മറുപടിക്ക്

**ചാലക്കുടി കപ്പത്തോട് സംരക്ഷണ പദ്ധതിക്ക് അനുമതി ലഭ്യമാക്കാൻ നടപടി**

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.ഐ.ഡി.എഫ്.- XXIII-ൽ ഉൾപ്പെടുത്തി നബാർഡ് സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ കാർഷിക പദ്ധതികൾക്ക് അനുമതിയും ഫണ്ടും അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (എ) | കൃഷി വകുപ്പിനും, മണ്ണ് സംരക്ഷണ വകുപ്പിനും കൂടി ആർഐ.ഡി.എഫ് പദ്ധതിയുടെ 23-ാം ഘട്ടത്തിലേക്ക് പദ്ധതി സമർപ്പിക്കുവാൻ അനുവദിച്ചിരുന്ന വിഹിതം (സെക്ടറൽ അലോക്കേഷൻ) 110 കോടി രൂപയായിരുന്നു. ആർഐ.ഡി.എഫ് പദ്ധതിയുടെ 23-ാം ഘട്ടത്തിലേക്ക് പരിഗണിക്കുന്നതിനായുള്ള പദ്ധതികൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിനു നബാർഡ് അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി പദ്ധതികൾ അനുവദനീയമായ വകുപ്പുതല വിഹിതത്തിന് അനുസൃതമായി ആർ.ഐ.ഡി.എഫ് 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കപ്പത്തോട് സംരക്ഷണം, ചാത്തൻചാൽ സംരക്ഷണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോട്ടിലേക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെട്ട കോടശ്ശേരി, പരിയാരം, അതിരപ്പള്ളി പഞ്ചായത്തിന്റെ ഭാഗങ്ങളും ചാലക്കുടി മുനിസിപ്പാലിറ്റിയുടെ അഞ്ചാം വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന "കപ്പത്തോട് നീർത്തട പദ്ധതി" ആർഐ.ഡി.എഫ് ന്റെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 2014-17 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ 274.92 ലക്ഷം രൂപ ചെലവഴിച്ച് 1255 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്. 100% പദ്ധതി പുരോഗതി കൈവരിച്ചിട്ടുണ്ട്. കെ.എൽ.ഡി.സിയ്ക്ക് RIDF XXII ൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുള്ള കപ്പത്തോടിന്റെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ അനുസരിച്ച് റിവൈസ് ചെയ്ത് CTE യുടെ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ ശുപാർശ ചെയ്തിരുന്നു. അതിൻപ്രകാരം റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.<br>ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാത്തൻചാൽ സംരക്ഷണത്തിനുള്ള പദ്ധതി RIDF XXIII ൽ ഉൾപ്പെടുത്തിയിരുന്നു. ആയതിന് നബാർഡിന്റെ അംഗീകാരം ലഭ്യമാകാത്ത സാഹചര്യത്തിൽ RIDF XXIV-ൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ